112 (1472) **സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ തൃശ്ശൂർ ജില്ലയിലെ ഗോഡൗണുകൾ**

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷന് തൃശ്ശൂർ ജില്ലയിൽ എത്ര ഗോഡൗണുകൾ പ്രവർത്തിക്കുന്നുണ്ട്; ഇവ ഓരോന്നും ഏതൊക്കെ പ്രദേശങ്ങളിലാണ്;

(ബി) ഈ ഗോഡൗണുകളിൽ കോർപ്പറേഷന് സ്വന്തമായിട്ടുള്ളവ എത്രയെന്നും അവ ഏതെല്ലാമാണെന്നും വെളിപ്പെടുത്തുമോ;

(സി) സ്വകാര്യ വ്യക്തികളിൽനിന്നോ സ്ഥാപനങ്ങളിൽനിന്നോ കോർപ്പറേഷൻ വാടകയ്ക്ക് എടുത്തിട്ടുള്ളവ ഏതെല്ലാം; ഇവ ഓരോന്നിന്റെയും പ്രതിമാസ വാടക എത്ര;

(ഡി) തൃശ്ശൂർ നഗരത്തിൽ പൂങ്കുന്നം ഓവർബ്രിഡ്ജിനു താഴെയുള്ള സ്ഥലം കോർപ്പറേഷന് ഗോഡൗണിനുവേണ്ടി എടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ഇ) ഈ സ്ഥലം കോർപ്പറേഷൻ ഉദ്യോഗസ്ഥർ പരിശോധിച്ചിട്ടുണ്ടോ; ആരൊക്കെയാണ് പരിശോധിച്ചത്; അവരുടെ റിപ്പോർട്ട് എന്താണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) തൃശ്ശൂർ ജില്ലയിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ 7 ഗോഡൗണുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ ഗോഡൗണുകൾ തൃശ്ശൂർ (പൂത്തോൾ) കണിമംഗലം, മുല്ലക്കര, ചാലക്കുടി, കൊടുങ്ങല്ലൂർ, വടക്കാഞ്ചേരി, ചാവക്കാട് എന്നിവയാണത്.

(ബി) സിവിൽ സപ്ലൈസ് കോർപ്പറേഷന് തൃശ്ശൂർ ജില്ലയിൽ സ്വന്തമായി ഗോഡൗൺ ഒന്നും തന്നെയില്ല.

(സി) വിശദ വിവരം താഴെ കൊടുക്കുന്നു.

ഗോഡൗൺ സ്ഥിതി ചെയ്യുന്ന സ്ഥലം	കെട്ടിട ഉടമ	വാടക
1. സബ് ഡിപ്പോ ഗോഡൗൺ തൃശ്ശൂർ (പൂത്തോൾ)	- ശ്രീമതി മീനാക്ഷി ടൈലറി	- 20,600
2. തൃശ്ശൂർ ജില്ലാ ഗോഡൗൺ (കണിമംഗലം)	- ശ്രീ. പി.ആർ. ഏലിയാസ്	- 40,242
3. തൃശ്ശൂർ സൂപ്പർ മാർക്കറ്റ്-മുല്ലക്കര ഗോഡൗൺ	- ശ്രീ.വി.ആർ. ഐസക്	- 7,668 -
4. ചാലക്കുടി ഡിപ്പോ ഗോഡൗൺ	- ശ്രീമതി ലില്ലി ചുങ്കത്ത്	- 14,426.75 -
5. കൊടുങ്ങല്ലൂർ ഡിപ്പോ ഗോഡൗൺ	- സെക്രട്ടറി, ചേരമാൻ	- 2,346

LIBRARY ARCHIVES Kerala Legislative Assembly

		ജൂമാമസ്ജിത്ത്	
6.	വടക്കാഞ്ചേരി ഗോഡൗൺ	- കെ. തങ്കമണി	- 7,500
7.	ചാവക്കാട് ഗോഡൗൺ	- ചാവക്കാട്-ഫർക്കാ കോപ്പറേറ്റീവ് സൊസൈറ്റി	- 7,049.50

(ഡി) തൃശ്ശൂർ നഗരത്തിൽ പൂങ്കുന്നം ഓവർബ്രിഡ്ജിനു താഴെയുള്ള സ്ഥലം സിവിൽ സപ്ലൈസ് കോർപ്പറേഷന് ഗോഡൗണിനുവേണ്ടി നൽകണമെന്ന് ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഗോഡൗൺ ആക്കുന്നതിനുള്ള ചെലവ് ഭാരിച്ചതാണെങ്കിൽ എടുക്കുവാൻ പ്രയാസമാണെന്ന് സിവിൽ സപ്ലൈസ് കോർപ്പറേഷൻ അറിയിച്ചിട്ടുണ്ട്.

(ഇ) ഈ സ്ഥലം സിവിൽ സപ്ലൈസ് കോർപ്പറേഷൻ എൻജിനീയർ, അസിസ്റ്റന്റ് മാനേജർ, തൃശ്ശൂർ എന്നിവർ ചേർന്ന് പരിശോധിച്ചു. അവരുടെ റിപ്പോർട്ടിൽ സാധനങ്ങൾ സൂക്ഷിയ്ക്കുമ്പോൾ കേടുകൂടാതെ ഇരിക്കുവാൻ ഗോഡൗണിന്റെ തറ ഉയർത്തണമെന്നും ചോർച്ചയുണ്ടാകാതെ ഇരിക്കുവാനുള്ള ക്രമീകരണം നടത്തണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

113 (1473) കിളിമാനൂർ മണ്ഡലത്തിലെ മണ്ണെണ്ണ പെർമിറ്റുകൾ

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999 മേയ് 31-വരെ സംസ്ഥാനത്തൊട്ടാകെ എത്ര പേർക്ക് മണ്ണെണ്ണ പെർമിറ്റ് നൽകിയിട്ടുണ്ട്; അവയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ;

(ബി) ഇതേ കാലയളവിൽ കിളിമാനൂർ നിയോജകമണ്ഡലത്തിൽ മാത്രമായി എത്ര പെർമിറ്റുകളാണ് നൽകിയിട്ടുള്ളത്;

(സി) ഇവിടെ നിന്നും മണ്ണെണ്ണ പെർമിറ്റിനുവേണ്ടി എത്ര അപേക്ഷകളാണ് ലഭിച്ചിരുന്നത്;

(ഡി) അപേക്ഷകളുടെ ബാഹുല്യവും മണ്ഡലത്തിന്റെ പിന്നോക്കാവസ്ഥയും പരിഗണിച്ച് പെർമിറ്റുകൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നകാര്യം അനുഭാവപൂർവ്വം പരിഗണിക്കുമോ?

ഉത്തരം

(എ) 1999 മേയ് 31- വരെ സംസ്ഥാനത്തൊട്ടാകെ 10,76,609 പേർക്ക് മണ്ണെണ്ണ പെർമിറ്റ് നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് താഴെ കൊടുത്തിരിക്കുന്നു.

തിരുവനന്തപുരം-		132927
കൊല്ലം	-	75594
പത്തനംതിട്ട	-	30909
ആലപ്പുഴ	-	87538
കോട്ടയം	-	75015

LIBRARY ARCHIVES Kerala Legislative Assembly